കൂടംകുളം വൈദ്യുതി ലൈൻ നിർമ്മാണം

94 (461) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം വൈദ്യുതി ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(ബി) ലൈൻ കടന്നുപോകുന്ന മേഖലയിലെ കർഷകരുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പാക്കേജിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാക്കേജിന്റെ വിശദാംശങ്ങൾ വിവരിക്കുമോ ?

ഉത്തരം

(എ-സി) ഈ പദ്ധതിയിൽപ്പെടുന്ന തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള 400 കെ. വി. ലൈൻ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഘട്ടമായ ഇടമൺ മുതൽ കൊച്ചി വരെയുള്ള 148 കി.മീ. ലൈനിന്റെ നിർമ്മാണം 2008-ൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ റൈറ്റ് ഓഫ് വേ പ്രശ്നങ്ങളും കർഷകരുടെ എതിർപ്പുംമൂലം ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരുന്നു. ഇടമൺ-കൊച്ചി ലൈനിൽ ആകെ 438 ടവർ സ്ഥാപിക്കേണ്ടതുണ്ട്. ഇതിൽ 81 ഇടങ്ങളിൽ ടവറിന്റെ ഫൗണ്ടേഷൻ ചെയ്തിട്ടുണ്ട്. 64 ഇടങ്ങളിൽ ടവർ നിർമ്മാണം പൂർത്തിയായി. 9.7 കിലോമീറ്റർ ലൈനും പൂർത്തിയാക്കിയിട്ടുണ്ട്.

റൈറ്റ് ഓഫ് വേ (Right of way) പ്രശ്നങ്ങളും കർഷകരുടെ എതിർപ്പുംമൂലം ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരുന്ന ഇടമൺ-കൊച്ചി സെക്ടറിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നല്കുന്നതിനായി പുതുക്കിയ പ്രത്യേക നഷ്ടപരിഹാര പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പാക്കേജിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി എറണാകുളം, പത്തനംതിട്ട ജില്ലകളിൽ പ്രാരംഭ നടപടികൾ ആരംഭിക്കുകയും കോട്ടയം ജില്ലയിൽ സർവ്വേ പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 18 കി.മീ.-ൽ 9 കി.മീ. ലൈനിന്റെ പ്രാരംഭ സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രത്യേക പാക്കേജിലെ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും വിധമാണ്:

LIBRARY ARCHIVES Kerala Legislative Assembly

(i) ടവർ നിൽക്കുന്ന സ്ഥലത്ത് ഭൂമി വിലയുടെ 100%

(ii) ലൈൻ കമ്പികൾ കടന്നു പോകുന്നതിന്റെ നേരെ താഴെ 16 മീറ്റർ വീതിയിൽ വരുന്ന ഇടനാഴിയിൽ ഭൂമിവിലയുടെ 40%.

(iii) മേൽ പറഞ്ഞ ഭൂമി വില അതാതു ജില്ലാകളക്ടർമാർ നിശ്ചയിക്കുകയും ആയത് പവർ ഗ്രിഡ് കോർപ്പറേഷനും, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും, സംസ്ഥാന ഗവൺമെന്റും ചേർന്ന് നിശ്ചിത അനുപാതത്തിൽ നൽകുന്നതുമാണ്. കളക്ടർ നിശ്ചയിക്കുന്ന ഭൂമി വിലയും ഡിസ്പ്ലേസ്മെന്റ് അലവൻസും കൂടി പരമാവധി ന്യായ വിലയുടെ 5 ഇരട്ടിയായി നിജപ്പെടുത്തിയിട്ടുണ്ട്.

(iv) മുറിച്ച് മാറ്റേണ്ടി വരുന്ന വൃക്ഷങ്ങൾക്ക്/വിളകൾക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പരമാവധി നഷ്ടപരിഹാരം നൽകുന്നതാണ്.

(v) ലൈനിന് താഴെ വരുന്ന ഒഴിവാക്കാനാവാത്ത വീടുകൾക്ക് പ്രത്യേക പാക്കേജ് ആയി ഒരു ലക്ഷം രൂപ വീതം നൽകുന്നതാണ്. കൂടാതെ കേടുപാടുകൾ വരുന്ന വീടുകൾക്ക് PWD മൂല്യനിർണ്ണയ പ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ്.

(vi) ടവർ നിർമ്മാണത്തിനുശേഷം നാമമാത്രമായ ഭൂമി മാത്രം അവശേഷിക്കുന്ന കർഷകർക്ക് ടി ഭൂമി വിലയുടെ 100% നഷ്ടപരിഹാരം നൽകുന്നതാണ്.

കൊണ്ടോട്ടി മണ്ഡലത്തിലെ ഊർജ്ജ പരിപോഷണ പദ്ധതികൾ

95 (462) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കൊണ്ടോട്ടി, പുളിക്കൽ, എടവണ്ണപ്പാറ, കരാട് സെക്ഷനുകളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനു വേണ്ടിയും, ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കുവേണ്ടിയും ഏതെല്ലാം പദ്ധതികൾ ഈ വർഷം നടത്തിയിട്ടുണ്ടെന്നും പുതുതായി ഏതെല്ലാം പദ്ധതികൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നും വിശദമാക്കുമോ ;

(ബി) പുതിയ സെക്ഷൻ, സബ്സ്റ്റേഷൻ എന്നിവ മണ്ഡലത്തിൽ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly